രാജ്യാന്തര ചലച്ചിത്രമേള
വാർത്താക്കുറിപ്പ്
Media Centre, IFFK 2007, Thiruvananthapuram - 695 010
Ph: 0471-2115111, 2310323, 2312214 Fax: 0471-2338326, E-mail: iffkmedia07@gmail.com

121/iffkmedia/07
13.12.2007

## രാജ്യാന്തര ചലച്ചിത്രമേള

# തിരയിളക്കം തീരാൻ ഒരു ദിവസം

രാജ്യാന്തര ചലച്ചിത്രമേളയുടെ തിരയിളക്കം തീരാൻ മണിക്കൂറുകൾ അവശേഷിക്കുമ്പോഴും പ്രേക്ഷകരുടെ ആവേശം കെട്ടിടങ്ങിയിട്ടില്ല. പുനഃപ്രദർശനം നടന്ന ചിത്രങ്ങൾക്കും തിരക്ക് ഏറെയായിരുന്നു. കൃപ തിയേറ്ററിൽ ഗെറ്റിംഗ് ഹോമിന്റെ മൂന്നാം പ്രദർശനം നിറഞ്ഞ സദസ്സിലായിരുന്നു.

ക്ലാസിക്കുകളായ അന്റോണിയോണിയുടെ ലാ വെഞ്ചുറയും ബർഗ്മാന്റെ സെവൻത് സീനിലും വ്യാഴാഴ്ച പ്രദർശിപ്പിച്ചു. ക്ലാസ്സിക്കുകൾക്ക് എന്നും പ്രേക്ഷകരുണ്ടാകുമെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നതായിരുന്നു ഇവയുടെ പ്രദർശനങ്ങൾ.

റിട്ടേണിന്റെ സംവിധായകനായ ആൻഡ്രോ സ്വിയഗിൻസേവിന്റെ ബാനിഷ്മെന്റ് ഏറെ പ്രശംസിക്കപ്പെട്ടു. കുടുംബ ബന്ധങ്ങളുടെ യാന്ത്രികതയും ഗ്രാമീണ ജീവിതവും കോർത്തിണക്കുന്നതാണീ റഷ്യൻ ചിത്രം. പ്രത്യേക കഥപറച്ചിലിന്റെ രീതികൊണ്ട് ശ്രദ്ധിക്കപ്പെട്ടതാണ് ഇറാനിൽ നിന്നുള്ള അൺഫിനിഷ്ഡ് സ്റ്റോറി. രാഷ്ട്രീയ പ്രമേയം ഫാന്റസിയുമായി ചേർത്ത് രചിച്ച പാൻസ് ലേബറിന്ത് രാവിലെ കൈരളിയിൽ പ്രദർശിപ്പിച്ചു. ഒറ്റ പ്രദർശനം മാത്രമുള്ള ചലച്ചിത്രങ്ങളാണ് ഇന്നലെ ഏറെയും പ്രദർശിപ്പിച്ചത്. കരീബിയൻ ചിത്രമായ സെന്റ് ഓഫ് ആൻ ഓക്ക് പത്താം നൂറ്റാണ്ടിലെ ആചാരത്തെയും അധികാരത്തെയും വെല്ലുവിളിക്കുന്ന കഥയാണ് പറഞ്ഞത്. കവിയും ആരാധകനും തമ്മിലുള്ള ബന്ധത്തെ വരയ്ക്കുന്ന എയ്മെ എ സീസറെയും (Aime Sesaire ) പ്രദർശിപ്പിച്ചു.

മനസ്സിൽ വേദനയും ഒപ്പം ചുണ്ടിൽ ചിരിയും സമ്മാനിക്കുന്ന ക്രൊയേഷ്യൻ ചിത്രം വാട്ട് ഈസ് എ മാൻ വിത്തൗട്ട് എ മുസ്താഷ് കാണികൾ ഇഷ്ടപ്പെട്ട ചിത്രങ്ങളിലൊന്നാണ്.

വൃദ്ധസദനത്തിൽനിന്ന് വെറുതെ പുറം ലോകത്തേയ്ക്കിറങ്ങുന്ന ഷിഗേക്കിയു ചെറുപ്പക്കാരിയായ മാഷികൊയും ഒറ്റപ്പെടലിന്റെ ബിംബങ്ങളാകുന്ന ജപ്പാനീസ് ചിത്രം മോണിംഗ് ഫോറസ്റ്റ് ഒരു വിലാപഗാനത്തിന്റെ വേദന പ്രേക്ഷകന് നൽകുന്നതായിരുന്നു.

ഇന്ത്യൻ സിനിമാ വിഭാഗത്തിൽ ആനന്ദ് സുബ്രമണ്യത്തിന്റെ ദൂസരയും ജി. രാജശേഖരന്റെ പെരിയാറും പ്രദർശിപ്പിച്ചു. മലയാള സിനിമയിൽ ലെനിൻ രാജേന്ദ്രന്റെ രാത്രി മഴയും ശ്യാമപ്രസാദിന്റെ ഒരേകടലും കാണാൻ ഏറെപ്പേരുണ്ടായിരുന്നു.

മത്സരവിഭാഗത്തിൽ ഒമ്പത് ചിത്രങ്ങളുടെ പ്രദർശനം നടന്നു. പതിവുപോലെ തിയേറ്ററുകൾ നിറഞ്ഞുകവിഞ്ഞു.

അലക്സാണ്ടർ സൊബറോവിന്റെ അലക്സാണ്ട്രയും എഡ്വേർഡ് യാങിന്റെ ടെററൈസേഴ്സും ഇന്നലെ പ്രദർശിപ്പിച്ച ചിത്രങ്ങളിൽ പ്രേക്ഷകർ തെരഞ്ഞുപിടിച്ച് കണ്ടവയാണ്.

ഹ്രസ്വചിത്രങ്ങൾ അരങ്ങു നിറഞ്ഞുനിന്ന ദിവസമായിരുന്നു വ്യാഴാഴ്ച. ഇവ ഓരോന്നും ഓരോ കവിത വായിക്കുന്ന രസത്തിൽ കാണാൻ കഴിയുന്നുവെന്നാണ് കാണികളുടെ അഭിപ്രായം. മേളയുടെ ആരവം തീരുന്നതിന്റെ ദുഖത്തിലാണ് പ്രതിനിധികളിലധികവും. അകലെനിന്ന് എത്തിയവർ തിരിച്ചു പോക്കിനുള്ള തയ്യാറെടുപ്പിലാണ്. ഇന്ന് (വെള്ളിയാഴ്ച) കൈരളി, ശ്രീ, കലാഭവൻ തിയേറ്ററുകളിൽ ഉച്ച കഴിഞ്ഞ് മൂന്നിനും മറ്റിടങ്ങളിൽ ഉച്ചയ്ക്ക് 11.30 ഉള്ള പ്രദർശനങ്ങളോടെ മേള അവസാനിക്കും.

********